പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1406 30.9.2011-ൽ മറുപടിയ്ക്ക്

## " വെള്ളപ്പാറ റോഡ് ഗതാഗതത്തിന് തുറന്നുകൊടുക്കാൻ നടപടി"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ: | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മുക്കന്നൂരിൽ നിന്നും അതിരപ്പള്ളിയിലേയക്കുള്ള എളുപ്പവഴിയായ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള ഒരു കിലോമീറ്റർ ദൈർഘ്യമുള്ള വെള്ളപ്പാറ റോഡ് പൊതുജനങ്ങളുടെ യാത്രാസൗകര്യത്തിനായി തുറന്നുകൊടുക്കാത്തതിനാലുള്ള യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വികരിക്കുമോ;<br><br>ബി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | എ-യും ബി-യും)<br>പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങളിൽക്കൂടി കോർപ്പറേഷൻ നിർമ്മിച്ച് സ്വകാര്യ ആവശ്യത്തിനായി മാത്രം ഉപയോഗിച്ചു വരുന്ന സ്വന്തം റോഡ് പൊതു സഞ്ചാരത്തിനായി തുറന്നുകൊടുത്താൽ, അന്യർക്ക് യാതൊരു നിയന്ത്രണവുമില്ലാതെ തോട്ടങ്ങൾക്കുള്ളിലേക്ക് കടന്നുകയറി സ്വൈരവിഹാരം നടത്തുന്നതിനും, റബ്ബർ, എണ്ണപ്പന ഉൽപ്പന്നങ്ങൾ മോഷ്ടിക്കുന്നതിനും കോർപ്പറേഷന്റെ സ്ഥാവരജംഗമ വസ്തുക്കൾ നശിപ്പിക്കുന്നതിനും ഉള്ള സാഹചര്യം നിലവിൽ വരും. കൂടാതെ സാമൂഹ്യവിരുദ്ധ പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്ക് ഒളിവിൽ കഴിയുന്നതിനുള്ള സാദ്ധ്യതയും ഇതുമൂലം ഉണ്ടാകും. പൊതുജനങ്ങൾക്ക് സൗകര്യമായി യാത്രചെയ്യുന്നതിനുള്ള മറ്റുവഴി അവിടെ നിലവിലുണ്ട്. ഇതിനുപുറമേ വനം വകുപ്പിൽ നിന്നും പാട്ടത്തിനെടുത്തിട്ടുള്ള സ്ഥലമായതിനാൽ ചട്ടപ്രകാരം കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള സഞ്ചാര സൗകര്യമേ പ്ലാന്റേഷൻ കോർപ്പറേഷന് അനുവദിച്ചിട്ടുള്ളൂ. ഈ സാഹചര്യത്തിൽ തോട്ടത്തിനുള്ളിൽകൂടി, വഴി തുറന്ന് പൊതുജന സഞ്ചാരം അനുവദിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ